**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ്മെന്റ് - ദിവസ വേതന/കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് ഓണം പ്രമാണിച്ച് അർഹമായ ശമ്പളം മുൻകൂർ വിതരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.112/2020/ധന തീയതി. തിരുവനന്തപുരം, 19/08/2020

പരാമർശം:- സ.ഉ.(പി)നം. 109/2020/ധന തീയതി 17/08/2020

**ഉത്തരവ്**

2020 ഓണം പ്രമാണിച്ച് ഫുൾ ടൈം, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫ്, എല്ലാ വകുപ്പിലെയും എസ്.എൽ.ആർ, എൻ.എം.ആർ ജീവനക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾ, കോളേജുകൾ, പോളിടെക്നിക്കുകളിലെ ജീവനക്കാർ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ആഗസ്റ്റ് മാസത്തിലെ ശമ്പളം മുൻകൂറായി വിതരണം ചെയ്യുന്നതിന് മേൽ പരാമർശം പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനു തുടർച്ചയായി വിവിധ വകുപ്പുകളിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക്കൂടി ആഗസ്റ്റ് മാസത്തെ അർഹമായ മുഴുവൻ ശമ്പളവും മുൻകൂറായി ആഗസ്റ്റ് മാസം 26,27 തീയതികളിൽ അതാതു വകുപ്പുകളിൽ നിന്നും വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ജീവനക്കാർ അധികമായി തുക കൈപ്പറ്റുന്ന സാഹചര്യമുണ്ടായാൽ ആയത് തൊട്ടടുത്ത മാസത്തെ ശമ്പളത്തിൽ നിന്നും തിരികെ പിടിക്കുന്നതാണെന്നുള്ള ഒരു സമ്മതപത്രം ബന്ധപ്പെട്ട DDO ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം

ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും, ഡി.ഡി.ഒ മാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ് അർദ്ധ സർക്കാർ